**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 417** **20-07-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക, ദ്വിതീയ തലങ്ങളിലെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ജ്ഞാന സമൂഹ നിർമ്മിതിയെന്ന സർക്കാരിന്റെ മഹദ് ലക്ഷ്യത്തിന് അടിത്തറ പാകുന്ന തരത്തിൽ പ്രാഥമിക, ദ്വിതീയ തലങ്ങളിലെ പഠനം മികവുറ്റതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ; | (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം ആയതിനാൽ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജ്ഞാന സമൂഹ നിർമ്മിതിയെന്ന ലക്ഷ്യത്തിനായി സ്കൂൾ പ്രവർത്തനങ്ങളിലും അക്കാദമിക പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം കൂടി ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.<br><br>1) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം : - അറിവ് നിർമ്മാണത്തിന് ഊന്നൽ നൽകുന്നതും നൂതന ആശയങ്ങൾ ഉയർത്താൻ കുട്ടികളെ സഹായിക്കുന്നതുമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്<br><br>2) സാങ്കേതിക നൈപുണി വികാസ പരിപാടികൾ:- വിദ്യാർത്ഥികളുടെ സാങ്കേതിക പരമായ കഴിവുകൾ മെച്ചപ്പെടുത്താനുള്ള നൂതന പരിപാടികൾ<br><br>3) നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ കുട്ടികളെ സഹായിക്കുന്ന പഠന പോഷണ |

| | | | |
|---|---|---|---|
| | | | പരിപാടികൾ<br><br>4) ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)<br><br>5) ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ പ്രോഗ്രാമുകൾ<br><br>6) ക്വാളിറ്റി - ഇന്നവേഷൻ പ്രോഗ്രാമുകൾ<br><br>7) ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി<br><br>8) സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>9) പ്രീ സ്കൂൾ പ്രവർത്തനങ്ങൾ<br><br>10) മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം<br><br>11) വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ<br><br>12) ഇൻക്ലൂസീവ് എജ്യൂക്കേഷൻ<br><br>13) അക്കാദമിക ഇടപെടലുകൾ<br><br>14) പൊതുവിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ തുടർച്ചയായി ഇ-ലാംഗ്വേജ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇതു വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലും ഇ-ലാംഗ്വേജ് ലാബ് സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്വതന്ത്ര സോഫ്റ്റ്‌വെയറധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് വികസിപ്പിച്ച് എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി കുട്ടികളെ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും എഴുതാനും പ്രാപ്തരാക്കുക. ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ രസകരമാക്കുക. ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയിൽ സമഗ്ര ഇ ലൈബ്രറി, ഇ ലാംഗ്വേജ് ലാബ്, ഇ ബ്രോഡ്കാസ്റ്റ് എന്നീ സംവിധാനങ്ങളാണുള്ളത്. സമഗ്ര പോർട്ടൽ വഴി ലോകനിലവാരമുള്ള ഇംഗ്ലീഷ് പുസ്തകങ്ങളുടെ ഡിജിറ്റൽ ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളുടെ വായനാതലം അനുസരിച്ച് ഭാഷാ പ്രാവിണ്യം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ ആസ്വാദ്യകരമായി പുസ്തകങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ സമഗ്ര ഇ-ലൈബ്രറിയിൽ ലഭ്യമാണ്. ഓരോ കുട്ടിക്കും തന്റെ പഠനവേഗതയ്ക്ക് അനുസരിച്ച് ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും വായിക്കാനുംഎഴുതാനുമുള്ള അവസരങ്ങൾ  നൽകുന്ന ലാംഗ്വേജ് ലാബ് സോഫ്റ്റ് വെയർ ആണ് ഇ-ലാഗ്വേജ് ലാബ്. |

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ സമ്പ്രദായം മത്സരാധിഷ്ഠിതമെന്ന നിലയിൽ നിന്ന് സഹകരണ, സമത്വാധിഷ്ഠിതമാക്കി പരിവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | സ്കൂൾ പാഠ്യ പദ്ധതി സമത്വാധിഷ്ഠിതവും സഹകരണാധിഷ്ഠിതവുമാക്കാൻ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ, പ്രോജക്ടുകൾ തുടങ്ങിയ നിരവധി പഠന തന്ത്രങ്ങൾ ക്ലാസ്സ് മുറിയിൽ പ്രയോജനപ്പെടുത്തി വരുന്നു. കൂട്ടായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സ്കൂൾ പാർലമെന്റ്, ബാലസഭ, വിവിധ ക്ലബ്ബുകൾ, സാഹിത്യ വേദികൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നു.<br><br>മത്സരാധിഷ്ഠിത രീതിയിൽ നിന്ന്മാറി സഹകരണ പഠനത്തിനും സഹവർത്തിത പഠനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് മൂല്യനിർണ്ണയ സമ്പ്രദായം പരിഷ്കരിച്ചിട്ടുണ്ട്. നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ രീതിയാണ് പ്രയോജനപ്പെടുത്തുന്നത്. വേർതിരിവുകൾ ഒഴിവാക്കാനായി മാർക്കുകൾക്ക് പകരം ഗ്രേഡുകളാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ